ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 07.10.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. മാൽദീവ്സ് പ്രസിഡൻറ് മൊഹമ്മദ് മുയിസുവിന് രാഷ്ട്രപതി ഭവനിൽ ഔപചാരിക സ്വീകരണം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

   Maldivian President Mohamed Muizzu accorded ceremonial reception at Rashtrapati Bhawan. PM Modi holds talks with Maldives President.

2. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ നക്സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം പുരോഗമിക്കുന്നു.

   Union Home Minister Amit Shah chairis review meeting with the Chief Ministers of Left-Wing Extremism affected states in New Delhi.

3. ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ നാളെ. ക്രമീകരണങ്ങൾ പൂർണമെന്ന് കേന്ദ്ര തിരഞ്ഞെടപ്പ് കമ്മീഷൻ.

   Elaborate arrangements made for counting of votes for Haryana and Jammu and Kashmir Assembly elections tomorrow; says Election Commission

4. പ്രതിപക്ഷ ബഹളത്തെ തുടർന്ന് കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. അവകാശം നിഷേധിക്കുന്നു എന്ന ആരോപണവുമായി പ്രതിപക്ഷം.

   Kerala assembly adjourned amid Opposition protest; Opposition accuses denying rights

5. കേരളത്തിൽ വെള്ളിയാഴ്ച വരെ ശക്തമായ മഴക്ക് സാധ്യത. 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Heavy rain likely in Kerala till Friday. Yellow alert today in 11 districts.

6. ട്വൻറി- 20 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട് ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും.

England to face South Africa in Women's T20 Cricket World Cup

&&&&&&&&&&&&&&&&&&&&&&&&&

## PM- MALDIVES PREZ WELCOME

മാൽദീവ്സ് പ്രസിഡൻറ് മൊഹമ്മദ് മുയിസുവിന് രാഷ്ട്രപതി ഭവനിൽ ഔപചാരിക സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി, വിദേശകാര്യ മന്ത്രി എസ് ജയശങ്കർ എന്നിവർ ചേർന്ന് അദ്ദേഹത്തെയും പത്നിയെയും സ്വീകരിച്ചു. ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച മാൽദീവ്സ് പ്രസിഡൻറ് മഹാത്മാഗാന്ധിയുടെ സമാധി സ്ഥലമായ രാജ്ഘട്ടിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി യുമായി മൊഹമ്മദ് മുയിസു കൂടിക്കാഴ്ച നടത്തുകയാണ്. ന്യൂഡൽഹിയിലെ ഹൈദരാബ് ഹൗസിലാണ് കൂടിക്കാഴ്ച. ഉഭയകക്ഷി ബന്ധം, പ്രാദേശിക, അന്താരാഷ്ട്ര വിഷയങ്ങൾ എന്നിവ ചർച്ചയാകും. കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരുരാജ്യങ്ങളും തമ്മിൽ നിരവധി കരാറുകളിൽ ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ ക്ഷണ പ്രകാരം അഞ്ചു ദിവസത്തെ സന്ദർശനത്തിനായാണ് മാൽദീവ്സ് പ്രസിഡൻറ് ഇന്ത്യയിലെത്തിയത്.

&&&&&&&&&&&&&&&&&&&&&&&&&

## AMIT SHAH-MEETING

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ നക്സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ

അവലോകനം ചെയ്യുന്നു. ന്യൂഡൽഹിയിൽ നടക്കുന്ന യോഗത്തിൽ ആന്ധ്രാപ്രദേശ്, ബിഹാർ, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, തെലങ്കാന, ഒഡിഷ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പങ്കെടുക്കുന്നുണ്ട്. ദേശീയ സുരക്ഷാ ഉപദേഷ്ടാവിന്റെ പ്രതിനിധിയും കേന്ദ്ര സായുധ പൊലീസ് സേനയുടെയും വിവിധ കേന്ദ്ര-സംസ്ഥാന വകുപ്പുകളിലെയും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ സന്നിഹിതരായിരാണ്. മാർച്ച് 2026 ഓടെ നക്സലിസം രാജ്യത്ത് നിന്ന് പൂർണമായി ഇല്ലാതാക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് നേരത്തെ പുറത്തിറക്കിയ പ്രസ്താവനയിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&

## J-K COUNTING

ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ നാളെ. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ സുരക്ഷ ശക്തമാക്കി. ജമ്മു കശ്മീരിൽ സെപ്റ്റംബർ 18, 25 ഒക്ടോബർ ഒന്ന് തീയതികളിൽ മൂന്നു ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ് നടന്നത്. ഹരിയാനയിൽ ഒറ്റ ഘട്ടമായായിരുന്നു വോട്ടെടുപ്പ്. വോട്ടെണ്ണൽ സുഗമമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർണമെന്ന് തിരഞ്ഞടുപ്പ് കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## KIREN RIJIJU-INTERVIEW (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ അതിവേഗം വികസന പാതയിൽ മുന്നേറുകയാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു. ഒരു വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്.......)

മണിപ്പൂരിലെ ചില സംഭവങ്ങൾ ഒഴികെ വടക്കുകിഴക്കൻ മേഖലയിലാകെ സമാധാനം നിലനിൽക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## FOREIGN INVESTORS

ഇന്ത്യൻ ഓഹരി വിപണികളിലെ വിദേശ നിക്ഷേപം 57,000 കോടി രൂപ പിന്നിട്ടു. നിക്ഷേപ വിവരക്കണക്ക് അനുസരിച്ച് കഴിഞ്ഞ സെപ്റ്റംബറിൽ, 57,724 കോടി രൂപയാണ് ലഭിച്ചത്. കഴിഞ്ഞ ഒൻപത് മാസത്തിനിടയിലെ ഏറ്റവും ഉയർന്ന നിക്ഷേപമാണിത്. ഇന്ത്യൻ മൂലധന വിപണികളിലേക്കുള്ള മൊത്തം അറ്റ നിക്ഷേപം 59,023 കോടി രൂപയായും ഉയർന്നിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&

**RBI – MPC**

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ധനനയ സമിതിയുടെ മൂന്ന് ദിവസത്തെ യോഗത്തിന് ഇന്ന് തുടക്കമാകും. സമിതി പുനഃസംഘടിപ്പിച്ച ശേഷമുള്ള ആദ്യ യോഗമാണിത്. ഭക്ഷ്യ വിലക്കയറ്റം, സാമ്പത്തിക വളർച്ച തുടങ്ങിയ വിഷയങ്ങളാണ് ആർബിഐക്ക് മുന്നിലുള്ളത്. അതേസമയം, പ്രധാന പലിശ നിരക്കുകളിൽ ആർബിഐ നിലവിലെ സ്ഥിതി തുടരാൻ സാധ്യതയുണ്ടെന്ന് സാമ്പത്തിക വിദഗ്ദ്ധർ വിലയിരുത്തി.

&&&&&&&&&&&&&&&&&&&&&&&&&

**CMDRF(INTRO)**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഇതുവരെ 2,135.5 കോടി രൂപ വിതരണം ചെയ്തതായി മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി . 2016 മുതൽ 2024 വരെ 1950 കോടി രൂപയാണ് ദുരിതാശ്വാസ നിധിയിലേക്കായി നീക്കി വച്ചത് .മത്സ്യബന്ധന മേഖല, മറ്റ് അടിയന്തര സാഹചര്യങ്ങൾ എന്നിവയിൽ പലപ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിക്കാറുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു .

(ഹോൾഡ് വോയ്സ്)

അപേക്ഷകൾ ഓൺലൈൻ ആക്കിയതോടെ സഹായധനം ലഭിക്കാനുള്ള കാലതാമസം ഒഴിവായതായും മുഖ്യമന്ത്രി അറിയിച്ചു . ഓഖി, പ്രളയം, കോവിഡ്, വയനാട് ഉരുൾപൊട്ടൽ ദുരന്തം എന്നിവ ഉണ്ടായ സമയത്ത് ദുരിതാശ്വാസ നിധിയിലേക്ക് ജനങ്ങൾ നൽകിയ സംഭാവന വളരെ വലുതാണെന്നും മുഖ്യമന്ത്രി സഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## ASSEMBLY

പ്രതിപക്ഷ ബഹളത്തെ തുടർന്ന് കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷത്തിൻറെ നക്ഷത്ര ചിഹ്നമിട്ട 49 ചോദ്യങ്ങൾ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളാക്കി മാറ്റിയതിൽ പ്രതിഷേധിച്ചായിരുന്നു ചോദ്യോത്തര വേള ആരംഭിച്ചത് മുതൽ പ്രതിപക്ഷം ബഹളം. ചോദ്യങ്ങൾ ചോദിക്കാനുള്ള പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. എന്നാൽ യാതൊരു വിവേചനവും വിഷയത്തിൽ ഉണ്ടായിട്ടില്ലെന്നും അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതും തദ്ദേശീയമായതുമായ ചോദ്യങ്ങളാണ് ചട്ട പ്രകാരം, നക്ഷത്ര ചിഹ്നമിടാത്തതാക്കി മാറ്റിയതെന്നും സ്പീക്കർ എ എൻ ഷംസീർ മറുപടി നൽകി. എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയുന്ന രീതിയാണ് സർക്കാർ സ്വീകരിക്കുന്നത് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തുടർന്ന് പ്രതിപക്ഷം ചോദ്യോത്തര വേള ബഹിഷ്കരിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## CM–LABOUR

രാജ്യത്ത് എല്ലാ മേഖലകളിലും തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് തൊഴിൽ നിയമ ചട്ടങ്ങൾ കൃത്യമായി പാലിക്കാത്ത കമ്പനികൾക്ക് എതിരെ ശക്തമായ നടപടി എടുക്കുമെന്നും പി.പി. ചിത്തരഞ്ജൻ MLA യുടെ ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## G.R.ANIL

പൊതുവിപണിയിൽ സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകളിലൂടെ വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി ജി ആർ അനിൽ നിയമസഭയിൽ പറഞ്ഞു. സപ്ലൈക്കോ വഴി അവശ്യസാധനങ്ങൾ പൊതുവിപണിയിലേക്കാൾ ശരാശരി 25 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## ASSEMBLY DATE

പതിനഞ്ചാം കേരള നിയമസഭയുടെ 12-ാം സമ്മേളനം പുനഃക്രമീകരിച്ചു. 18 വരെ ചേരാനിരുന്ന സഭാ സമ്മേളനം 15-ാം തീയതി വരെയാക്കി ചുരുക്കി. കാര്യോപദേശക സമിതിയുടെ ശിപാർശ പ്രകാരമാണ് നടപടി. നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ആവശ്യമെങ്കിൽ അധികസമയം സമ്മേളനം ചേരുന്നതിനും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&

## WOMENS WORLD CUP

ട്വന്റി- 20 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇംഗ്ലണ്ട് - ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ ആറ് വിക്കറ്റിന് വിജയിച്ചു. ഇന്ത്യക്കായി മലയാളി താരം ആശ ശോഭന ഒരു വിക്കറ്റെടുത്തു.

&&&&&&&&&&&&&&&&&&&&&&&&&

## BILLIARDS

ബില്ല്യാർഡ്സിൽ സോങ്ഹെ സിംഗപ്പൂർ ഓപ്പൺ കിരീടം സ്വന്തമാക്കി ഇന്ത്യയുടെ പങ്കജ് അദ്വാനി. ഇന്നലെ നടന്ന മത്സരത്തിൽ സിംഗപ്പൂർ താരം ജേഡൻ ഓംഗിനെ 5-1ന് തോൽപ്പിച്ചാണ് പങ്കജിന്റെ കിരീട നേട്ടം.ലോക ബില്യാർഡ്സ് കിരീടം നിലനിർത്താൻ അദ്വാനി ഇനി നവംബറിൽ ദോഹയിലേക്ക് പോകും.

&&&&&&&&&&&&&&&&&&&&&&&&&

## RAIN KERALA

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ശക്തമായ മഴക്ക് സാധ്യതെയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തൃശൂർ, കണ്ണൂർ, കാസർഗോഡ് ഒഴികെയുള്ള 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ ഇടുക്കി ജില്ലയിൽ ഓറഞ്ച് ജാഗ്രതയും ഏഴു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&&&

## ISRAEL ALERT

ഗസയിൽ നിന്ന് ഹമാസിന്റെ ആക്രമണത്തിനുള്ള സാധ്യത മുന്നിർത്തി പ്രതിരോധം ശക്തമാക്കി ഇസ്രായേൽ. ഗസയ്ക്ക് സമീപം കൂടുതൽ സൈനികരെ വിന്യസിച്ചു. ഇസ്രയേൽ-ഹമാസ് സംഘർഷം ആരംഭിച്ച് ഒരു വർഷം പിന്നിടുന്ന വേളയിലാണ് നടപടി. വടക്കൻ അതിർത്തിയിൽ നിലയുറപ്പിച്ചിരിക്കുന്ന സൈനികരെ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു സന്ദർശിച്ചു. അതിനിടെ ലെബനനിൽ നിന്ന് ഇസ്രായേലി പ്രദേശത്തേക്ക് റോക്കറ്റുകൾ വിക്ഷേപിച്ചതോടെ ഹിസ്ബുള്ളയുമായുള്ള സംഘർഷവും രൂക്ഷമായി.

&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&